കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് ഹോസ്പിറ്റൽ കിയോസ്ക്ക്- ഡാറ്റാ എൻട്രി ഓപ്പറേറ്റർ (കിയോസ്ക്ക് എക്സിക്യൂട്ടീവ്)മാരുടെ ദിവസ വേതന നിരക്ക് വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം.210/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 20/01/2016.

---

പരാമർശം :
1. 18/01/2012 ലെ സ.ഉ.(സാധാ) നം.193/12/തസ്വഭവ
2. 28/10/2014 ലെ ജി.ഒ.(പി) നം 466/2014/ഫിൻ
3. നഗരകാര്യ ഡയറക്ടറുടെ 26/102015 തിയതിയിലെ ഡിസി12-20794/15 നമ്പർ കത്ത്.

**ഉത്തരവ്**

നഗരസഭകളിലെ ആശുപത്രി കിയോസ്ക്കുകളിൽ കിയോസ്ക്ക് എക്സിക്യൂട്ടീവ്/ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരായി ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ നിലവിലുള്ള ദിവസ വേതനം പരാമർശം(1) പ്രകാരം 350/-രൂപയാണ്. ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ ശമ്പളം 400/- രൂപയായി പരാമർശം(2) പ്രകാരം 400/- രൂപയായി വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ ഹോസ്പിറ്റൽ കിയോസ്ക്കുകളിലെ ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കണമെന്ന് നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരസഭകളിലെ ആശുപത്രി കിയോസ്ക്കുകളിൽ കിയോസ്ക്ക് എക്സിക്യൂട്ടീവ്/ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരായി ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ നിലവിലുള്ള ദിവസ വേതനം1.10.2014 മുതൽ 400/-(നാനൂറു രൂപ മാത്രം) രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സോണിയ വാഷിംഗ് ടൺ,
അണ്ടർ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
എല്ലാ നഗരസഭാ മേയർ/ചെയർമാൻ/സെക്രട്ടറി (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.